കേരള സർക്കാർ


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ – 04912520145

ഇ-മെയിൽ – dopkd.ksad@kerala.gov.in

www.ksad.kerala.gov.in


# പട്ടിത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി20/191/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

തീയതി –09.04.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടിത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പട്ടിത്തറ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ–പികെഡി20/191/2021 തീയതി – 09.04.2021

## പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.04.2019 മുതൽ 10.01.2021 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എൻ സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-01-2021മുതൽ 18-01-2021 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സദാനന്ദൻ.പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ മുഹമ്മദ് ഫാറൂഖ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ സുരേഷ് എ ബി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശിവപ്രസാദ് എം | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ മോഹനൻ.കെ.എ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുജാത.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ സി.ജനചന്ദ്രൻ | 01.04.2018 മുതൽ 09.12.2018 വരെ |
| | ശ്രീ കെ.മുരളീധരൻ (അസി.സെക്രട്ടറി ഇൻ ചാർജ്) | 10.12.2018 മുതൽ 31.03.2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | കെ.മുരളീധരൻ | 01.04.2018മുതൽ 31.03.2019വരെ |
| വി.ഇ.ഒ. | അബ്ദുൾജലീൽ.പി.ഇ | 01.04.2018മുതൽ 19.09.2018 വരെ |
| വി.ഇ.ഒ. | അഭിനന്ദ് വി പി | 20.09.2018മുതൽ31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.തസ്ലീം ഇബ്രാഹിം | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.നിഖില ചന്ദ്രൻ | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.റോഷിൻ അബൂബക്കർ | 01.04.2018 മുതൽ 31.03.2019വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി മേരി | 01.04.2018 മുതൽ 13.05.2018 വരെ |
| | ശ്രീമതി സലോമി വർഗീസ് | 14.05.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.നിതിൻ എം | 01.04.2018 മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഉഷ.എം. | 01.04.2018മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി സീനത്ത് | 01.04.2018 മുതൽ 09.04.2018 വരെ |
| | ശ്രീമതി ജാസ്മിൻ പി എച്ച്<br>ശ്രീമതി മീര ടി എം | 10.04.2018മുതൽ06.07.2018വരെ<br>07.07.2018മുതൽ31.03.2019വരെ |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ സജീവ്.കെ | 01.04.2018 മുതൽ 28.02.2019 വരെ |
| | ശ്രീമതി ജമീല ഇക്ബാൽ | 01.03.2019 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ |
| 13 | 1-13 | തൊഴിൽ നികുതി അപാകതകൾ |
| 14 | 1-14 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ കുടിശ്ശിക ഈടാക്കിയില്ല. |
| 15 | 1-15 | ഒഴിവാക്കി |
| 16 | 1-16 | നെൽവിത്ത് വിതരണം-വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല |
| 17 | 1-17 | ഡയാലിസിസ് യൂണിറ്റിനു വിഹിതം നൽകൽ - തുക തടസ്സപ്പെടുത്തുന്നു. |
| | | |

| | | |
|---|---|---|
| 18 | 1-18 | സ്കൂളുകളിൽ കലാപരിചയം പദ്ധതി നടത്തിപ്പ്- തുക തടസ്സപ്പെടുത്തുന്നു |
| 19 | 1-19 | മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം |
| 20 | 1-20 | വൃദ്ധർക്ക് കട്ടിൽ -രേഖകൾ ഹാജരാക്കാത്തതിനാൽ 57366 രൂപ തടസ്സപ്പെടുത്തുന്നു. |
| 21 | 1-21 | ബാലസഭ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. |
| 22 | 1-22 | ആശ്രയ-വീട് റിപ്പയർ - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ രൂപ തടസ്സപ്പെടുത്തുന്നു. |
| 23 | 1-23 | അസി.എഞ്ചിനീയർ മരാമത്ത് പണികളുടെ ഫയലുകൾ ഹാജരാക്കിയില്ല |
| 24 | 1-24 | കരാറുകാരിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല |
| 25 | 1-25 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല |
| 26 | 1-26 | ടെണ്ടർ കുറവ് പരിഗണിക്കാതെ പ്രവൃത്തിയുടെ തുക നൽകി - 1922 രൂപ നഷ്ടം |
| 27 | 1-27 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് - സംയുക്ത പരിശോധന നടത്തി ആധികാരികവും കൃത്യവുമായ എണ്ണം തിട്ടപ്പെടുത്താതെ . |
| 28 | 1-28 | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ- പൂർത്തീകരണ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു |
| 29 | 1-29 | പുതിയ ഗ്രാമ പഞ്ചായത്ത് കെട്ടിടം വൈദ്യുതീകരണവും ലാൻ കണക്ഷനും - PWD ഇലക്ട്രിക്കൽ വിഭാഗത്തിന് നൽകിയ ഡിപ്പോസിറ്റ് തുകയിൽ ചെലവഴിക്കാത്ത തുക – തിരികെ ഈടാക്കണം |
| 30 | 1-30 | അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല |
| 31 | 1-31 | എ.ബി.സി. പ്രൊഗ്രാം- ജില്ലാ പഞ്ചായത്തിന് നൽകിയ 100000.00 രൂപ- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല |
| 32 | 1-32 | തെരുവ് വിളക്ക് റിപ്പയറിന് അധികം തുക നൽകിയത് - വിശദീകരണം ലഭ്യമാക്കിയില്ല |
| | | |

| | | |
|---|---|---|
| 33 | 3-1 | ടെണ്ടർ കുറവ് പരിഗണിക്കാതെ പ്രവൃത്തിയുടെ തുക നൽകി - 1922 രൂപ നഷ്ടം |
| 34 | 3-2 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല |
| 35 | 3-3 | കരാറുകാരിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല |
| 36 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 37 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 40 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 41 | 4-6 | സ്ഥിര നിക്ഷേപം |
| 42 | 4-7 | ഓഡിറ്റ് റിക്കവറി |
| 43 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 44 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 45 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

## ഭാഗം -1

1-1 ബജറ്റ്

21.03.2018 തീയതിയിലെ 1(1)തീരുമാന പ്രകാരം അംഗീകരിച്ചു.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.04.2019 | -- | -- |

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21100239 |
| വരവ് | 77370736 |
| ആകെ | 98470975 |
| ചെലവ് | 72221535 |
| നീക്കിയിരിപ്പ് | 26249440 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15560512 | 15560512 | 13336543 | 2223969 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 17166000 | 17166000 | 13024027 | 4141973 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 193000 | 193000 | -- | 193000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9780000 | 9780000 | 6749987 | 3030013 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3231000 | 3231000 | 2044868 | 1186132 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 0 | 9131993 | 9131993 | 4659621 | 4472372 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 4179 | 149 | 4328 | -- | 4328 |
| ദുരിതാശ്വാസനിധി - പട്ടിത്തറ SCB A/c No.1089 | | 2200 | 13925 | 16125 | 0 | 16125* |
| കേന്ദ്ര സർക്കാർ ഗ്രാന്റ് water facility to AWC | | 0 | 10000 | 10000 | 0 | 10000 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | | 25657702 | | 25657702 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 593886 | | 593886 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ICDS | | 2762406 | 358375 | 3120781 | 1228306 | 1892475 |
| Total Sanitation Campaign | | 540000 | 180000 | 720000 | 720000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) Destitute Welfare Fund | | 406026 | 0 | 406026 | 406026 | 0 |
| സമ്പൂർണ്ണ ശുചിത്വം | | 792484 | 2023953 | 2023953 | -- | 2023953 |
| ജോയിന്റ് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2598079 | 2598079 | -- | 2598079 |

| | | | | | | |
|---|---|---|---|---|---|---|
| വൌച്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 1385131 | 3635819 | 5020950 | -- | 5020950 |
| ബി ഫണ്ട് | | 0 | 54322920 | 54322920 | 54322920 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 12108923 | 12108923 | 4947965 | 7160958 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4597995 | 9435066 | 14033061 | 11914072 | 2118989 |
| | ട്രഷറി അക്കൗണ്ട് | 14663491 | 15145644 | 29809135 | 10755844 | 19053291 |
| മറ്റിനം ഇ പേയ്മെന്റ് എസ് ബി ഐ | | 488707 | 9877267 | 10365974 | 7966783 | 2399191 |

* ഈ അക്കൗണ്ടിലെ തുകകൾ വാർഷിക കണക്കിലെ RP 40 (a), RP 40(b) എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ അപാകത പരിഹരിക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 122816237 | 125 | 57980987 | 0 | 114 | 52.3 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 125എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ52.3%ചെലവഴിച്ചിട്ടുണ്ട്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 6171585 | 4393012 | 71.18 |
| വി.ഇ.ഒ | 18 | 7 | 46323644 | 19035585 | 41.09 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 4296500 | 4140279 | 96.36 |
| സെക്രട്ടറി | 20 | 10 | 6436228 | 4321425 | 67.14 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 156 | 76 | 45532046 | 17404618 | 38.22 |
| എച്ച്.എം | 14 | 10 | 3424250 | 3285742 | 95.95 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 6 | 989484 | 782830 | 79.14 |
| മെഡിക്കൽ ഓഫീസർ- | 2 | 2 | 750000 | 750000 | 100 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 600000 | 600000 | 100 |
| വെറ്ററിനറി സർജ്ജൻ | 9 | 2 | 5986000 | 987125 | 16.49 |
| അസി.സെക്രട്ടറി | 4 | 4 | 2306500 | 2280371 | 98.86 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | -- | -- | -- | -- | -- |
| ആകെ | 239 | 125 | 122816237 | 57980987 | 47.21 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 593886 | 593886 | 593886 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25657702 | 25657702 | 25657702 | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52920 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 2447600 | 179 |
| വിധവാ പെൻഷൻ | 14453800 | 1253 |
| വാർദ്ധക്യകാല പെൻഷൻ | 31765600 | 2805 |
| വികലാംഗ പെൻഷൻ | 3937300 | 354 |
| അവിവാഹിത പെൻഷൻ | 1665700 | 140 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.01.2021. ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 36600/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് തൃപ്തികരമല്ല. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-01-2021 | 12/2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03-04-2006 | 1997-98 മുതൽ 2005-06 വരെ | 26-05-2006 |

1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി യിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.
2. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.
3. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.

1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) <u>ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല</u>

2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വാക്കുകൾക്ക് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിരുന്നു. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള

പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. പട്ടിത്തറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2.മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതിനു പകരം ദൈനംദിന വിറ്റുവരവ് അടിസ്ഥാനമാക്കി തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിവരുന്നത്.

3.അപേക്ഷാ ഫോറത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. മൂലധന നിക്ഷേപത്തിന് പകരം ദൈനംദിന വിറ്റുവരവ് തന്നെയാണ് ചേർക്കുന്നത്. 2018-2019 സാമ്പത്തിക വർഷത്തിൽ 215 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്കല്ല.

<u>(ബി) റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും ലൈസൻസ് എടുത്തതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/15.1.21) നൽകിയ മറുപടിയിൽ 1996 ലെ കോടതി വിധിയാണ് നൽകിയിട്ടുള്ളത്. എന്നാൽ സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22-1-2019 ലെ (സി.എസ്) എ9/764/2019 നം. കത്ത് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ റേഷൻ കടകൾക്കും ലൈസൻസ് എടുക്കുന്നതിന് ഭരണസമിതി തീരുമാനം എടുക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1-13 തൊഴിൽനികുതി അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2018-19 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കാനുള്ളത് |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ് അങ്ങാടി | രണ്ടാം അർദ്ധ വർഷം |
| 2 | ഷീജ വുഡ് ഇൻഡസ്ട്രീസ് പടിഞ്ഞാറങ്ങാടി | രണ്ടാം അർദ്ധ വർഷം |

<u>ബി. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ പടിഞ്ഞാറങ്ങാടി | രണ്ടാം അർദ്ധ വർഷം |
| 2 | കുമരനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | രണ്ടാം അർദ്ധ വർഷം |

<u>സി. റേഷൻ കട നടത്തിപ്പുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കുവാൻ വിട്ടുപോയ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/15.1.21) ബന്ധപ്പെട്ടവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-14 ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ കുടിശ്ശിക ഈടാക്കിയില്ല

2018 – 2019 വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ തൻവർഷം 8305 രൂപയും, കുടിശ്ശികയിനത്തിൽ 93480 രൂപയും ചേർത്ത് ആകെ 101785 രൂപയും അടവാക്കാനായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16.1.21) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. അടവാക്കാനുള്ള 101785 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഒഴിവാക്കി

1-16 നെൽവിത്ത് വിതരണം-വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല

നെൽവിത്ത് വിതരണം എന്ന പ്രൊജക്ടിന് 2018-19 ൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| | |

| | |
|---|---|
| 1/18-19 dt 5.11.18 | 242100 |
| 2/18-19 dt 23.11.18 | 357600 |
| ആകെ | 599700 |

ആയത് പ്രകാരം താഴെ പറയുന്ന ബിൽ പ്രകാരം വാങ്ങിയ നെൽവിത്തുകൾ പാടശേഖരസമിതികൾക്കു കൈമാറിയിട്ടുണ്ട്.

| സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നമ്പർ | ഇനം | തൂക്കം | നിരക്ക് | ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| Regional Agricultural Research Station Pattambi | 119/18-19 dt 27.10.18 | ജ്യോതി | 4070 kg | 40 | 162800 | പദ്ധതി വിഹിതം-122100 ഗു.വി-40700 |
| Regional Agricultural Research Station Pattambi | 118/18-19 dt 27.10.18 | ജ്യോതി | 4000 kg | 40 | 160000 | പദ്ധതി വിഹിതം-120000 ഗു.വി-40000 |
| National seeds corporation limited Kanjikode | 1662 /5.9.2018 | ജ്യോതി | 6400 kg | 38 | 243200 | ആകെ തുക =352640 (പദ്ധതി വിഹിതം-278400 ഗു.വി-74240 |
| National seeds corporation limited Kanjikode | | ഉമ | 2880 kg | 38 | 109440 | |
| Kerala State Seed Development Authority | 762/2018-19 dt 17.7.2018 | ഉമ | 2640 kg | 40 | 105600 | പദ്ധതി വിഹിതം-79200 ഗു.വി-26400 |

മുകളിൽ പരാമർശിച്ച വിത്തുകൾ പാടശേഖരസമിതികൾ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ പാടശേഖരസമിതികൾ വിത്തുകൾ കർഷകർക്ക് നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (7/15.1.21) നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 599700 രൂപ തടസ്സപ്പെടുത്തുന്നു.

1-17 ഡയാലിസിസ് യൂണിറ്റിനു വിഹിതം നൽകൽ - തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് - ഡയാലിസിസ് യൂണിറ്റിനു വിഹിതം നൽകൽ 2018-19

പ്രൊജക്ട് നമ്പർ-18

അടങ്കൽ - 100000 (പദ്ധതി വിഹിതം)

ചെലവ് -100000 (ബിൽ നമ്പർ 14/21.11.18)

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി "ഡയാലിസിസ് യൂണിറ്റിനു വിഹിതം നൽകൽ 2018-19" എന്ന പ്രൊജക്റ്റിനു വേണ്ടി 1,00,000 രൂപ തൃത്താല ഡയാലിസിസ് പേഷ്യൻസ് വെൽഫെയർ സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കു (അക്കൗണ്ട് നമ്പർ 67264658315) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)22/2018/തസ്വഭവ. തീയതി 14.02.2018 പ്രകാരമുള്ള ഉത്തരവിൽ ഇത്തരം പ്രോജക്റ്റ് നടപ്പാക്കുന്നതിനെക്കുറിച്ച് യാതൊന്നും പറയുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/18.1.21) മറുപടിയൊന്നും സമർപ്പിക്കുകയോ ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 100000 രൂപ തടസ്സത്തിൽ വെക്കുന്നു.

1-18 സ്കൂളുകളിൽ കലാപരിചയം പദ്ധതി നടത്തിപ്പ്-തുക തടസ്സപ്പെടുത്തുന്നു
പ്രൊജക്റ്റ് നമ്പർ -214/19 (SO)

അടങ്കൽ -50000 (തനത് ഫണ്ട്)

ചെലവ് –50000 (ചെക്ക് നമ്പർ-576656/30.1.19)

നിർവ്വഹണം -HM GLPS ആലൂർ

പദ്ധതി വിഭാവനം ചെയ്തത് കുട്ടികൾക്കായി 3 ശിൽപ്പശാലകളാണ്. നൃത്തം, കഥകളി, തുള്ളൽ തുടങ്ങിയവ പരിചയപ്പെടുത്തുന്ന ക്ലാസുകൾ ഡെമോൺസ്ട്രേഷൻ, അവതരണം എന്നിവ ഉൾകൊള്ളുന്ന വിധമാണ് ഉള്ളടക്കം.ആയതിൽ 3 ദിവസങ്ങളിലായി നടന്ന പരിപാടികൾക്കായി ചുവടെ ചേർത്ത വിധം തുക ചെലവഴിച്ചിട്ടുണ്ട്.

1) നൃത്തോൽസവം - രൂ. 10700/ കൈപറ്റിയത് വാഴേങ്കട കുഞ്ചുനായർ സ്മാരക ട്രസ്റ്റ് കാറൽമണ്ണ

2) കഥകളി - രൂ. 27300/ കൈപറ്റിയത് വാഴേങ്കട കുഞ്ചുനായർ സ്മാരക ട്രസ്റ്റ് കാറൽമണ്ണ

3) തുള്ളൽ - രൂ. 12600/ കൈപറ്റിയത് കുഞ്ചൻനമ്പ്യാർ സ്മാരകം ലക്കിടി

സ.ഉ (കൈ ) നം.22/18/ത.സ്വ.ഭ.വ 14.2.18 ഖ 8.4 പ്രകാരം ബോധവൽക്കരണ ക്യാംപുകൾ, മേളകൾ, ഉൽസവങ്ങൾ, സെമിനാറുകൾ, സമ്മേളനങ്ങൾ എന്നിവ നടത്താൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖ.7.3 വിദ്യാഭ്യാസത്തിലും ഇത്തരം പരിപാടികളെകുറിച്ച് പ്രതിപാദിക്കുന്നില്ല. ഖ 8.5 പരിശീലനത്തിന് മാത്രമായി പ്രൊജക്റ്റ് പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/18.1.21) മറുപടിയൊന്നും സമർപ്പിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 50000 രൂപ തടസ്സപ്പെടുത്തുന്നു.

1-19 മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം
1)വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് - കന്നുകുട്ടി പരിപാലനം 2018-19 (136/19)

അടങ്കൽ - 900000 (പ്ലാൻ -450000, ഉ.വി- 450000)

ചെലവ് –437500

| ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|
| 1/18-19 | 21.11.18 | 387500 |
| 2/18-19 | 21.1.19 | 50000 |
| | ആകെ | 437500 |

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 437500 രൂപ പ്ലാൻ ഫണ്ടിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡിന്റെ (പാലക്കാട്) അക്കൗണ്ടിലേക്ക് (714021400000008) നൽകിയിട്ടുണ്ട്. പദ്ധതിക്കായി 35 പേർക്കുള്ള തുകയാണ് 2018-19 വർഷം നൽകിയിട്ടുള്ളത്. പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/16.1.21) മറുപടിയൊന്നും നൽകിയില്ല.

പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണഉദ്യോഗസ്ഥൻ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ്.

2)അംഗീകാരം ലഭിച്ചിട്ടും പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ |
|---|---|---|---|
| 1 | 159 | കിടാരി വിതരണം -വനിതകൾക്ക് ജനറൽ 2017-18 | 390000<br>(പദ്ധതി വിഹിതം-195000<br>ഗു.വി-195000) |
| 2 | 160 | കിടാരി വിതരണം -വനിതകൾക്ക് എസ്.സി.പി 2017-18 | 480000(പദ്ധതി വിഹിതം(എസ്.സി.പി)-357000<br>തനത്-3000<br>ഗു.വി-120000) |
| 3 | 161 | ആട് വളർത്തൽ വനിത -ജനറൽ<br>2017-18 | 590000(പദ്ധതി വിഹിതം-295000<br>ഗു.വി-295000) |
| 4 | 162 | ആട് വളർത്തൽ വനിത -എസ്.സി.പി<br>2017-18 | 900000 (പദ്ധതി വിഹിതം -എസ്.സി.പി-675000<br>ഗു.വി-225000) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/16.1.21) മറുപടിയൊന്നും നൽകിയിട്ടില്ല. ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തിയശേഷം വിവിധ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 വൃദ്ധർക്ക് കട്ടിൽ -രേഖകൾ ഹാജരാക്കാത്തതിനാൽ 57366 രൂപ തടസ്സപ്പെടുത്തുന്നു
നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് -വൃദ്ധർക്ക് കട്ടിൽ 2018-19

പ്രൊജക്ട് നമ്പർ -25/19

അടങ്കൽ -391500 (പദ്ധതി വിഹിതം-എസ്.സി.പി)

ചെലവ് -388814 (പദ്ധതി വിഹിതം -എസ്.സി.പി)

പ്രസ്തുത പ്രൊജക്ടിന് ടെണ്ടർ വിളിക്കുകയും കുറഞ്ഞ നിരക്ക് (3187) ക്വാട്ട് ചെയ്ത രാജധാനി ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം 122 കട്ടിലുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ - C67 dt 10.12.18

| ഇനം | യൂണിറ്റ് വില | എണ്ണം | തുക |
|---|---|---|---|
| Wooden cot made of Anjili wood | 2700.8475 | 122 | 329503.395 |
| CGST | | | 29655.306 |
| SGST | | | 29655.306 |
| ആകെ | | | 388814.00 |

ഗുണഭോക്താക്കളുടെ അപേക്ഷകൾ, രേഖകൾ, അക്വിറ്റൻസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്നവരുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കാത്തവ |
|---|---|---|
| 1 | ചക്കി, കാരക്കാട്ട് പറമ്പിൽ, പട്ടിത്തറ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 2 | നീലി, അമ്മാറ്റിൽപടി. പട്ടിത്തറ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 3 | കുട്ടൻ, പണിക്കരുവീട്ടിൽ, പട്ടിത്തറ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 4 | ചമ്മിണി,കോത, കക്കുന്നത്ത് | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 5 | കോച്ചി, ചാലിയത്ത്പറമ്പിൽ, കൂറ്റനാട് | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| | | |

| | | |
|---|---|---|
| 6 | കാളി, വടക്കുംപാട്ട്, കുറ്റനാട് | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 7 | കോത, കള്ളിവളപ്പിൽ, തലക്കശ്ശേരി പി.ഒ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 8 | ചക്കി, വാഴയിൽവളപ്പിൽ, തലക്കശ്ശേരി പി.ഒ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 9 | കാളി, കാട്ടിലവളപ്പിൽ, തലക്കശ്ശേരി പി.ഒ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 10 | ചാത്തപ്പൻ,ചോലപറമ്പിൽ, തലക്കശ്ശേരി പി.ഒ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 11 | കാളി, പൊട്ടിക്കുന്നത്ത്, തലക്കശ്ശേരി പി.ഒ | അപേക്ഷ, രേഖകൾ,കട്ടിൽ നൽകിയതിന്റെ അക്വിറ്റൻസ് |
| 12 | കുഞ്ഞൻ, കറുത്തേടത്ത്പടി, തലക്കശ്ശേരി പി.ഒ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 13 | കോച്ചി,കുരുപറമ്പിൽ,ഒതളൂർ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 14 | കുഞ്ഞിരാമൻ, ഭഗവതിപറമ്പിൽ, ഒതളൂർ | അപേക്ഷ, രേഖകൾ,കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 15 | കുഞ്ഞാപ്പൻ, അത്താണിപറമ്പിൽ, കോട്ടപ്പാടം | കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| 16 | തങ്ക, പള്ളിയാലിൽ ഹൗസ്, പടിഞ്ഞാറങ്ങാടി | കട്ടിൽ കൈപ്പറ്റിയതിന്റെ അക്വിറ്റൻസ് |
| | | |

| | | |
|---|---|---|
| 17 | ബാബു, ചെറുവീട് വയലിൽ,കുറ്റനാട് | വയസ്സ് തെളിയിക്കുന്ന രേഖ |
| 18 | ചക്കി D/o ചാത്തപ്പൻ, അത്താണിപറമ്പിൽ, അങ്ങാടി പി.ഒ | ആധാർ പ്രകാരം ജനന തീയ്യതി 1960 ആണ്. |

രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (2/12.1.2021) നൽകിയെങ്കിലും പിന്നീട് ഹാജരാക്കാമെന്ന മറുപടിയാണ് സമർപ്പിച്ചത്. ആയതിനാൽ മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് നൽകിയ കട്ടിലിന്റെ വിലയായ 57366 രൂപ (18*3187) രൂപ തടസ്സപ്പെടുത്തുന്നു.

1-21 ബാലസഭ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

ബാലസഭ പ്രവർത്തനം 2018-19 എന്ന പ്രൊജക്ടിന് (നമ്പർ-75) 51557 രൂപ പദ്ധതിവിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -75000(പദ്ധതി വിഹിതം-ജനറൽ-70390, തനത് ഫണ്ട്-4610)

ചെലവ്-51557 (പദ്ധതി വിഹിതം)

ബിൽ നമ്പർ -4/26.3.19

ബാലസഭാ പ്രവർത്തനങ്ങൾക്കുള്ള പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയത് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

<u>ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങൾ</u>

24-02-2019 ന് ജി.എൽ.പി.സ്കൂൾ വട്ടേനാടിൽ വച്ച് ബാലസഭാ അംഗങ്ങൾക്ക് പഞ്ചായത്ത് തല ബാലോൽസവം മാത്രമാണ് സംഘടിപ്പിച്ചിട്ടുള്ളത്. ആയതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവ് (രൂപ) |
|---|---|
| കുടുംബശ്രീ, ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റി<br>ഉച്ചഭക്ഷണം 400*40 =16000<br>ചായ & സ്നാക്സ് =6000 | 22000.00 |
| VKS ലൈറ്റ് & സൗണ്ട്, കക്കാട്ടിരി | 5500.00 |
| ബുക്ക് സെന്റർ & സ്റ്റേഷനറി, കുറ്റനാട് (പേന,ബുക്ക്, ട്രോഫി എന്നിവ വാങ്ങിയതിന്) | 24057.00 |
| ആകെ | 51557.00 |

സ.ഉ (കൈ) നം.22/2018/ത.സ്വ.ഭ.വ തീയ്യതി 14.2.18 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.17 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബാലസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രൊജക്റ്റ് തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി വാർഡ് തലത്തിൽ 1000 രൂപയും പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്കായി 40000 രൂപയും ചെലവഴിക്കാവുന്നതാണ്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരിപത്രം നം.3266/കെ/2018/ കെ.എസ്.എച്ച്.എ തിയതി 28-03-2018 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബാലസഭാ പ്രൊജക്റ്റിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങളും കാലയളവും വ്യക്തമാക്കിയിട്ടുണ്ട്. 2018ഏപ്രിലിൽ ആരംഭിച്ച് 2019 ജനുവരി വരെയുള്ള കാലയളവിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

കുടുംബശ്രീയുടെ സംസ്ഥാന മിഷന്റെ നിർദ്ദേശങ്ങൾ പാലിക്കാതെ ഒരു ദിവസത്തെ പ്രവർത്തനം മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ളത്. ബാലസഭയിലെ അംഗങ്ങൾ തന്നെയാണോ ഏകദിന പരിപാടിയിൽ പങ്കെടുത്തതെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത് വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യാതെയാണ്. പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാക്കിയതും കുടുംബശ്രീയുടെ പ്രഖ്യാപിത സമയക്രമം പാലിക്കാതിരുന്നതും അപാകതയായി വിലയിരുത്തുന്നു.

ബാലസഭാംഗങ്ങളുടെ ക്രിയാത്മക പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട് ആവിഷ്കരിക്കേണ്ടിയിരുന്ന പ്രൊജക്റ്റ് കേവലം ഒരു ദിവസത്തേക്ക് മാത്രമായി നടപ്പാക്കിയത് ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും പാളിച്ചയാണ്. ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ സ്റ്റാന്റിംഗ് കമ്മിറ്റിയോ മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥൻ, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഉറപ്പാക്കേണ്ടതാണ്.

1-22 ആശ്രയ-വീട് റിപ്പയർ - ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് -ആശ്രയ-വീട് റിപ്പയർ

പ്രൊജക്ട് നമ്പർ -242/19

അടങ്കൽ -40000 (തനത് ഫണ്ട്)

ചെലവ്- 40000 (തനത് ഫണ്ട്) ( വൗച്ചർ നം. 21800984/27.3.19)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആശ്രയ-വീട് റിപ്പയർ എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് 2 ഗുണഭോക്താക്കൾക്ക് 20000 രൂപ ക്രമത്തിൽ ആകെ 40000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവാക്കിയ 40000 രൂപ തടസ്സപ്പെടുത്തുന്നു.

1-23 അസി.എഞ്ചിനീയർ മരാമത്ത് പണികളുടെ ഫയലുകൾ ഹാജരാക്കിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ വിവരം | ഫണ്ടിനം | ചെക്ക്/ട്രഷറി ബിൽ നമ്പർ | തുക |
|---|---|---|---|---|
| 1. | 218/19 – പട്ടിത്തറ കൊട്ടാരം റോഡ് സൈഡ് കെട്ട് | സംരക്ഷണ ഗ്രാന്റ് റോഡ് | 2/19.05.18 | 368387 |
| 2. | 220/19 – പുതിയ അങ്കണവാടി കെട്ടിടനിർമ്മാണം മൂർക്കത്താഴം | കേന്ദ്രാവിഷ്കൃതം | ലഭ്യമായില്ല | 349493 |
| 3. | 222/19 – കളത്തിൽ റോഡ് ടാറിങ്ങ് | തനത് ഫണ്ട് | 1772998/22.9.18 | 149368 |
| 4. | 223/19ആലിൻചുവട് മേപ്പുറം റോഡ് ടാറിങ്ങ്, റീ ടാറിങ്ങ് | തനത് ഫണ്ട് | 1772998/26.7.18 | 316674 |
| 5. | 227/19 – പള്ളത്ത് റോഡ് റീടാറിങ്ങ് | തനത് ഫണ്ട് | 1772994/17.7.18 | 187716 |
| 6. | 228/19 – കുണ്ടുകാട് അണ്ടയിൽ അമ്പലം റോഡ് റീ ടാറിങ്ങ് | തനത് ഫണ്ട് | 6258029/17.12.18 | 344238 |
| 7. | 232/19 – കൊല്ലനപ്പറമ്പ് താനക്കാട് റോഡ് റീടാറിങ്ങ് | തനത് ഫണ്ട് | 1772998/25.9.18 | 246346 |
| 8. | 234/19 – കാശാമുക്ക് വട്ടപ്പറമ്പ് റോഡ് റീടാറിങ്ങ് | തനത് ഫണ്ട് | 1772998/29.9.18 | 248907 |
| 9. | 238/19 – കാലടി പത്താലക്കുന്ന് റോഡ് റീടാറിങ്ങ് | തനത് ഫണ്ട് | 292488/18.03.19 | 124271 |
| 10. | 239/19 – കാലടി പത്താലക്കുന്ന് എസ്.സി കോളനി റോഡ് റീടാറിങ്ങ് കോൺക്രീറ്റിങ്ങ് | എസ്.സി.പി | 56/26.3.19 | 168954 |
| 11. | 250/19 – ചിറ്റപ്പുറം ചുടല റോഡ് സൈഡ് സംരക്ഷണം | സംരക്ഷണഗ്രാന്റ് റോഡ് | 51/21.3.19 | 120951 |
| | ആകെ | | | 26,25,305 |

മുകളിൽ പറഞ്ഞ പ്രകാരമുള്ള മരാമത്ത് പ്രവൃത്തികളുടെ ഫയൽ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 20/18.1.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കുന്നതു വരെ ചെലവ് തുക 2625305 രൂപ തടസ്സപ്പെടുത്തുന്നു.

1-24 കരാറുകാരിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

തദ്ദേശ ഭരണ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്ക് ഉൾപ്പെടുത്തിയ ഡാറ്റ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവ്വഹണത്തിനു ശേഷം ബിൽ അനുവദിക്കുമ്പോൾ ഉപയോഗിച്ച ബിറ്റുമിന്റെ ബാരലിന്റെ വില കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ റോഡ് നിർമ്മാണ പ്രവൃത്തികളുടെ ബിൽ തുകയിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടിയും കുറക്കാതെയാണ് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

1-25 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

2012-ലെ കേരള പി.ഡബ്ള്യു.ഡി.മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50% -ൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതുമല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ കരാർ തുകയുടെ (പി.എ .സി) ഒരു ശതമാനവും അടുത്ത തവണ 2 ശതമാനവും പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുൻപ് കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതും ബന്ധപ്പെട്ട അസി. എഞ്ചിനീയർ അത് പരിശോധിച്ച് അനുയോജ്യമായ ശുപാർശ നൽകേണ്ടതുമാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയ ഫയലുകളിൽ മേൽപറഞ്ഞ പ്രകാരമുള്ള അപേക്ഷയോ അസി.എഞ്ചിനീയറുടെ ശുപാർശയോ കാണുന്നില്ല.

കേരള പി.ഡബ്ള്യു.ഡി മാന്വൽ പ്രകാരം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയുംപ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സി.യുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| അടുത്ത തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സി.യുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകിയതിന് പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

1-26 ടെണ്ടർ കുറവ് പരിഗണിക്കാതെ പ്രവൃത്തിയുടെ തുക നൽകി - 1922 രൂപ നഷ്ടം

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ട് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.5% കുറവിനാണ് എഗ്രിമെന്റ് വച്ചത്. എന്നാൽ ഇത് പരിഗണിക്കാതെ കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

1-27 പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് - സംയുക്ത പരിശോധന നടത്തി ആധികാരികവും കൃത്യവുമായ എണ്ണം തിട്ടപ്പെടുത്താതെ .

പട്ടിത്തറ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 181563 രൂപ വീതം കേരള ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. തൻ വർഷം ഈയിനത്തിൽ ആകെ 1997193 രൂപ ഒടുക്കിയതായി കാണുന്നു. പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ഓഡിറ്റിനു സമർപ്പിച്ച രജിസ്റ്ററിൽ 415 എണ്ണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ജല അതോറിറ്റി ഓരോ മാസവും പഞ്ചായത്തിന് നൽകുന്ന ഡിമാന്റ് നോട്ടീസിൽ, 399436 രൂപ മുൻ ബാക്കിയുണ്ട്. ഈ തുകക്ക് 2% പിഴയും (7408 രൂപ) ഡിമാന്റ് ചെയ്യുന്നു. പ്രതിമാസ തുക 181563 രൂപയാണ്. ഓഡിറ്റ് വർഷാരംഭത്തിൽ കുടിശ്ശികയുൾപ്പെടെ 588407 രൂപയാണ് ഒടുക്കേണ്ടത് . ഓരോ മാസത്തിലും തന്മാസ ഡിമാന്റ് തുക മാത്രമാണ് ഇപ്പോൾ ഒടുക്കി വരുന്നത്.

ജല അതോറിറ്റി, വെള്ളക്കരം ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തുന്ന എണ്ണവും തുകയും ഏകപക്ഷീയമായി ഒടുക്കി വരുന്നത് (പരിമിതമായ വരുമാന മാർഗ്ഗങ്ങൾ മാത്രമുള്ള ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അഭികാമ്യമല്ല.) കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല.

ടാപ്പുകളുടെ എണ്ണവും ഒടുക്കുന്ന തുകയും ആധികാരികവും കൃത്യവുമാണെന്നുറപ്പു വരുത്താൻ ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ സർക്കാർ നിർദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ 16.01.2021-ലെ 14- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയില്ല.

ആയതിനാൽ വ്യക്തിഗത ഗാർഹിക കണക്ഷനുകൾ നൽകി പരമാവധി പൊതു ടാപ്പുകൾ ഒഴിവാക്കുകയും ബാക്കി പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകൾ സംയുക്ത പരിശോധനയിലൂടെ കണ്ടെത്തുകയും ഉപയോഗിക്കുന്ന വെള്ളത്തിനു മാത്രമേ കരമൊടുക്കുന്നുള്ളൂ എന്നുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

1-28 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ- പൂർത്തീകരണ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

പട്ടിത്തറ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രൊജക്ട് നിർവഹണത്തിനു വേണ്ടി കേരള ജല അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 92 /2018 |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ |
| പ്രൊജക്ട് അടങ്കൽ | 2400000 (ധനകാര്യ |

| | |
|---|---|
| | കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 2400000 (ബിൽ നമ്പർ 18/26.11.2018) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| നിർവഹണ ഏജൻസി | കേരളാ വാട്ടർ അതോറിറ്റി |

മേൽ പറഞ്ഞ തുക കേരളാ വാട്ടർ അതോറിറ്റിയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 67150213827- നമ്പർ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. (UTR NO.U000000531094638) പഞ്ചായത്ത് പരിധിയിലുള്ള 62 സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനാണ് തുക നൽകിയിട്ടുള്ളത് .

ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യ പത്രവും ചെലവഴിക്കാത്ത തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങളും പൂർത്തീകരിച്ചിട്ടില്ലാത്ത പക്ഷം നാളിതുവരെയുള്ള ചെലവു പുരോഗതി സാക്ഷ്യ പത്രവും പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ 16.01.20121 ലെ 15- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയോ മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.
ആയതിനാൽ മേൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക ഹാജരാക്കുന്നതു വരെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 പുതിയ ഗ്രാമ പഞ്ചായത്ത് കെട്ടിടം വൈദ്യുതീകരണവും ലാൻ കണക്ഷനും - PWD ഇലക്ട്രിക്കൽ വിഭാഗത്തിന് നൽകിയ ഡിപ്പോസിറ്റ് തുകയിൽ ചെലവഴിക്കാത്ത തുക – തിരികെ ഈടാക്കണം

2018-19 സാമ്പത്തിക വർഷത്തിൽ പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം വൈദ്യുതീകരണത്തിനു വേണ്ടി PWD ഇലക്ട്രിക്കൽ വിഭാഗത്തിൽ നിക്ഷേപിച്ച തുകയിൽ പ്രൊജക്ട് പൂർത്തീകരിച്ചതിനു ശേഷം അവശേഷിക്കുന്നതും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

<u>പ്രൊജക്റ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ</u>

(A) പുതിയ ഗ്രാമ പഞ്ചായത്ത് കെട്ടിടം വൈദ്യുതീകരണം

| | |
|---|---|
| പ്രൊജക്ട് നമ്പർ | 321/18 |
| അടങ്കൽ | 382500.00 ( തനത് ഫണ്ട്) |
| ചെലവ് | 382500.00<br>( സെന്റേജ് ചാർജ് ഉൾപ്പെടെ) |
| ട്രഷറി ചലാൻ നമ്പർ | Kl003849497/11.07.18-3,40000 രൂപ<br>KL003848/11.07.2018/11.07.18-42500 രൂപ |
| വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവ് | 3,34948.00 |

മേൽ പറഞ്ഞ വിധം സർക്കാർ ഏജൻസിയുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച തുകയിൽ 3,34,948 രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം PWD ലഭ്യമാക്കിയിട്ടുണ്ട്.

(B) പഞ്ചായത്ത് ഓഫീസിലേക്ക് ലാൻ കണക്ഷൻ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 322/18 |
| അടങ്കൽ | 87750.00 ( തനത് ഫണ്ട് )<br><br>( സെന്റേജ് ചാർജ് ഉൾപ്പെടെ) |
| ചെലവ് | ട്രഷറി ചലാൻ നമ്പർ<br><br>Kl003848992/11.07.18- 78000 രൂപ KL0011390962201819M/11.07.2018/ 9750 രൂപ |
| വിനിയോഗ സാക്ഷ്യ പത്ര പ്രകാരം ചെലവ് | 84629.00 രൂപ |
| ബാക്കി | 3121 .00 രൂപ |

മേൽ പറഞ്ഞ തുകകൾ ( 5052.00, 3121.00) ഗ്രാമ പഞ്ചായത്തിന് തിരികെ നൽകുന്നതിനു വേണ്ടി പഞ്ചായത്തിന്റെ അക്കൗണ്ട് വിശദാംശങ്ങൾ PWD വിഭാഗം ആവശ്യപ്പെട്ടതനുസരിച്ച് ടി വിശദാംശങ്ങൾ 13.05.2019 ലെ എ1 6330/17 നമ്പർ കത്ത് മുഖേന അയച്ചു കൊടുത്തിട്ടുണ്ട്.

ആയതിനാൽ ഈ തുകകൾ തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 16.01.2021 -ലെ 17- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.
ആയതിനാൽ മേൽ പരാമർശ പ്രകാരം പഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള തുക അടിയന്തിരമായി തിരികെ ഈടാക്കി വിവരം തെളിവു സഹിതം ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്.

1-30 അസാധാരണച്ചെലവ് രജിസ്റ്റർ പരിപാലിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

ചെലവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. 2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 21800731 02.02.19 | 15000.00 | പഞ്ചായത്ത് ദിനത്തോടനുബന്ധിച്ച് പഞ്ചായത്ത് വിഹിതം നൽകിയത് |
| 21800177/28.06.18 | 3000.00 | കുഞ്ചൻ ദിനാഘോഷം- പഞ്ചായത്ത് സംഭാവന |
| 21800682/24.01.2019 | 3000.00 | സബ് ജില്ലാ സ്കൂൾ കലോത്സവം- സംഭാവന |

അസാധാരണ ചെലവ് നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്. അസാധാരണ ചെലവിൽ ഉൾപ്പെടുന്ന ഇനങ്ങൾ കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതും നിയമാനുസൃത പരിധി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-31 എ.ബി.സി. പ്രൊഗ്രാം- ജില്ലാ പഞ്ചായത്തിന് നൽകിയ 100000.00 രൂപ- വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോസ്ഥനായി ജില്ലാ പഞ്ചായത്തിന് എ.ബിസി. പദ്ധതിയുടെ ഭാഗമായി നൽകിയ 100000/- രൂപ നൽകിയിട്ടുണ്ട്
( വൗച്ചർ നം. 21800306/3.8.18) പ്രൊജക്റ്റ് നമ്പർ 146/19, അടങ്കൽ തുക- 3,50000 ( തനത് ഫണ്ട്). തുക കൈമാറിയതിന് രശീതിയും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
